എന്നാൽ അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതി 31-12-2014 വരെ ദീർഘിപ്പിച്ചു നൽകിയ സാഹചര്യത്തിൽ പുതുതായി ലഭിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ.(കൈ)184/2013/പൊ.വി. തീയതി 10-6-2013 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ നിശ്ചയിച്ച രേഖകൾ സമർപ്പിക്കാത്തവയുമായ അപേക്ഷകളാണ് ന്യൂനതകൾ പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മടക്കിയിട്ടുള്ളത്. യാതൊരു കാരണവുമില്ലാതെ അപേക്ഷകളൊന്നും തന്നെ തിരിച്ചയച്ചിട്ടില്ല. എല്ലാ ന്യൂനതകളും പരിഹരിച്ചുകൊണ്ട് അംഗീകാരം നേടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 31-12-2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പാക്കാൻ നടപടി

26(4632) ശ്രീ. പാലോട് രവി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമവും സേവനാവകാശ നിയമവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ തീർപ്പാക്കാൻ ഇൻഫർമേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത നിയമം സംബന്ധിച്ച് ബന്ധപ്പെട്ടവർക്കിടയിൽ വേണ്ടത്ര പ്രചരണം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. വിവരാവകാശ നിയമം 2005-ലെ സെക്ഷൻ 4 പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ (www.education.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരെയും അപ്പീൽ അധികാരികളെയും 9-1-2014 തീയതിയിലെ സ.ഉ. (എംഎസ്.)നമ്പർ 10/2014/പൊ.വി.വ. ഉത്തരവുപ്രകാരം സ്ഥാനനിർദ്ദേശം ചെയ്തിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നീ വകുപ്പുതലവന്മാരുടെ കാര്യാലയങ്ങളിലും പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലും നൽകിവരുന്ന സേവനങ്ങളെക്കുറിച്ചും അപേക്ഷകളിന്മേൽ തീരുമാനമെടുക്കേണ്ട സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി തുടങ്ങിയ വിശദാംശങ്ങളും 24-4-2013 തീയതിയിലെ 334/2013 നമ്പർ എസ്.ആർ.ഒ. (സ.ഉ.(പി) നമ്പർ 145/2013/പൊ.വി.വ) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം നടപ്പാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കുലറുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ വകുപ്പുതലവന്മാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവയുമായി ബന്ധപ്പെട്ട് വേണ്ടത്ര പ്രചരണം നൽകിയിട്ടുണ്ട്.

വടകര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

27(4633) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഭൂരിഭാഗവും ഉപയോഗിച്ചിട്ടും വടകര മണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കെട്ടിടങ്ങൾ ആവശ്യമായതിനാൽ, കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ പൂർത്തീകരിക്കുവാനുള്ള സഹായം നല്കുവാൻ വിദ്യാഭ്യാസ വകുപ്പിന് കഴിയുമോ എന്ന് വ്യക്തമാക്കാമോ;